ശ്രീ. കെ. കുഞ്ഞാമ്പു : ഇതിനകം പന്തീരായിരം രൂപയേ കൊടുത്തിട്ടുള്ളൂ എന്നറിയുന്നതു വാസ്തവമാണോ ?

ശ്രീ. പി. കെ. ചാത്തൻ : ആ കണക്കു ശരിയല്ല.

അദ്ധ്യാപകർക്കുള്ള ശമ്പളവർദ്ധനവു്.

* 1357. [6] † ശ്രീ. എം. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറു് അധികാരത്തിൽ വന്നശേഷം ഏതെല്ലാം വിഭാഗത്തിലെ അദ്ധ്യാപകർക്കു ശമ്പളവർദ്ധനവു വരുത്തിയിട്ടുണ്ടു്;

(ബി) 1958–59 സാമ്പത്തികവർഷത്തിൽ എത്ര രൂപ അതുകൊടുത്തായി നൽകേണ്ടിവന്നിട്ടുണ്ടു് ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫു് മുണ്ടശ്ശേരി) :

(എ) അതിൻറെ * പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(ബി) കൂടുതൽ ചെലവായ സംഖ്യയെപ്പറ്റി പ്രത്യേകമായി കണക്കു വയ്ക്കുന്നതു് ഏർപ്പാടില്ലാത്തതുകൊണ്ടു് അതുകൊടുത്തായി ചെലവു ചെയ്യേണ്ടിവന്ന തുക എത്രയാണെന്നു പറയുവാൻ സാധിക്കുന്നില്ല. ഏകദേശം ഒരു കോടിയോളം വരും.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : മലബാറിലെ പ്രൈവറ്റു സ്കൂൾ അദ്ധ്യാപകന്മാർക്കു ശമ്പളവർദ്ധനവു വരുത്തിയിട്ടില്ലെന്നറിയാമോ ?

ശ്രീ. ജോസഫു് മുണ്ടശ്ശേരി : അവർക്കു ശമ്പളവർദ്ധനവു നൽകുന്നതിനെപ്പറ്റിയും, സർവ്വീസു് കൺസിഷൻ നന്നാക്കുന്നതിനെപ്പറ്റിയും ഉള്ള നടപടികളെടുത്തുകൊണ്ടിരിക്കുകയുമാണു്.

ശ്രീ. എം. ഗോപാലൻകുട്ടി നായർ : ശമ്പള വർദ്ധനവു് നടപ്പിൽ വരുത്തുമ്പോൾ, വരുന്ന കൂടുതൽ സംഖ്യയുടെ എത്ര ശതമാനം ഇൻഡ്യാ ഗവണ്മെൻറിൽനിന്നും സഹായധനമായി ലഭിക്കുന്നുണ്ടു് ?

ശ്രീ. ജോസഫു് മുണ്ടശ്ശേരി : അൻപതു ശതമാനം.

ശ്രീ സി. എ. മാത്യു : ഇപ്പോൾ അൻപതു ശതമാനം ലഭിച്ചുകൊണ്ടിരിക്കുന്നതു്, തുടർന്നു മേലും തന്നുകൊള്ളാമെന്നു ഇൻഡ്യാഗവണ്മെൻറു പറയുന്നുണ്ടോ ?

ശ്രീ. ജോസഫു് മുണ്ടശ്ശേരി : പഞ്ചവത്സരപദ്ധതിയുടെ ചില വ്യവസ്ഥകളനുസരിച്ചാണു് ഇപ്പോൾ അൻപതു ശതമാനം സഹായധനം തരുന്നതു്, അത്തരം പ്രവർത്തനങ്ങൾക്കുമാത്രമേ ഈ സഹായധനം തുടർന്നു ലഭിക്കുകയുമുള്ളൂ.

ശ്രീ. കെ. ഭാർഗ്ഗവൻ : പ്രൈവറ്റു സ്കൂൾ ടീച്ചേഴ്സിനു ഡിയർനസ്സു് അലവൻസ് കിട്ടുന്നില്ലെന്നു പരാതിയുള്ളതായി അറിയാമോ ?

ശ്രീ. ജോസഫു് മുണ്ടശ്ശേരി : പരാതിയുണ്ടെന്നു തോന്നുന്നില്ല. അഥവാ അങ്ങനെ പരാതിയുള്ളപക്ഷം അതിനെപ്പറ്റി അന്വേഷിക്കാം.

† As the Member was absent the question was put by Shri C. G. Sadasivan, with the permission of the Chair.

* Please see Appendix I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ് : ശമ്പളവർദ്ധനവുനയം മലബാറിൽ നടപ്പിലാക്കിയിട്ടുണ്ടോ ? ശമ്പളവർദ്ധനവു മലബാറിൽ വരുത്തിയ സന്ദർഭത്തിൽ മുമ്പു കിട്ടിക്കൊണ്ടിരുന്നതിനേക്കാൾ കുറവായ ശമ്പളം ചില അദ്ധ്യാപകന്മാർക്ക് കിട്ടിവന്നതായി അറിയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇപ്പോൾ അങ്ങനെ പരാതി വന്നിട്ടില്ല മുമ്പു വന്നിരുന്നു. അതു ചില തെറ്റുകൾ പറ്റിപ്പോയതുകൊണ്ടാണു്. അവയെല്ലാം പരിഹരിക്കപ്പെട്ടിട്ടുണ്ടു്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : ഫോർട്ടുകൊച്ചിയിലെ മുനിസിപ്പൽ സ്കൂൾ ടീച്ചേഴ്സിനു ഇന്നത്തെ ശമ്പളവർദ്ധനവു പദ്ധതിയനുസരിച്ചുള്ള ശമ്പളം ലഭിക്കുന്നില്ലെന്നറിയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. കെ. ചന്ദ്രശേഖരൻ : എയിഡഡു് സ്കൂൾ അദ്ധ്യാപകന്മാർക്ക് എത്രകൊണ്ടാണു ശമ്പള പരിഷ്കാരം നടപ്പിലാക്കാത്തതെന്നു പറയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതിനെപ്പറ്റി പ്രത്യേകം ചോദ്യം ചോദിക്കണം.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ശമ്പളവർദ്ധനവു പദ്ധതി നടപ്പിൽവരുത്തുമ്പോൾ അദ്ധ്യാപകന്മാരുടെ നിലവിലുള്ള ശമ്പളത്തിനു കുറവു വരാൻ പാടില്ലെന്നു നിർദ്ദേശം കൊടുത്തിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഉണ്ടു്.

ശ്രീ. കെ. എം. ജാർജ്ജ് : ഈ ശമ്പള വർദ്ധനവിന്റെ ഫലമായി ടെയിൻഡു അല്ലാത്ത അദ്ധ്യാപകന്മാരുടെ ശമ്പളത്തിൽ കുറവു വന്നിട്ടുണ്ടെന്നു് അറിയുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെ വന്നിട്ടുണ്ടോ എന്നു അറിഞ്ഞുകൂടാ.

ശ്രീ. ഇ. പി. ഗോപാലൻ : കഴിഞ്ഞകൊല്ലത്തെ സർവ്വീസും കൂടി പരിഗണിച്ചു്, ഓരോരുത്തർക്കും ശമ്പളം നിശ്ചയിക്കണമെന്ന വ്യവസ്ഥയിൽ ഈ ശമ്പള പരിഷ്കരണത്തിൽ ഉൾപ്പെട്ടുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതു് ഉൾപ്പെട്ടും.

ശ്രീമതി കുസുമം ജോസഫ് : ഗവണ്മെന്റു സർവ്വീസിലുള്ള പ്രൈമറി സ്കൂൾ ടീച്ചേഴ്സിനു് അവരുടെ പ്രൈവറ്റ് സ്കൂൾ സർവ്വീസ് കൂടി കണക്കാക്കി ശമ്പളം കൊടുക്കണമെന്നു 1955-ൽ ഓർഡർ ഉണ്ടായതാണു്. എന്നാൽ അവർക്കു് അതു് ഇതേവരെ കിട്ടിയിട്ടില്ലെന്നു് ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതിനു് ഒരു സ്പെഷ്യൽ സ്റ്റാഫിനെ വച്ചിട്ടുണ്ടു്. ആ സ്റ്റാഫ് അദ്ധ്യാപകന്മാർക്കു പഴയ കാലത്തെ സർവ്വീസ് കണക്കാക്കി ശമ്പളം കൊടുക്കുവാൻ ഏർപ്പാടു ചെയ്യുന്നതാണു്.

ശ്രീ. കെ. ഹസ്സൻഗനി : ഫോർട്ടുകൊച്ചിയിൽ മുനിസിപ്പൽ സർവ്വീസിൽ നിന്നു് ഗവണ്മെന്റിലേക്കു് എടുത്ത അദ്ധ്യാപകന്മാരുടെ ശമ്പളം നിശ്ചയിച്ചതിൽ വിവേചനം കാണിച്ചിട്ടുണ്ടെന്നു് അറിയാമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : വിവേചനമൊന്നും കാണിച്ചിട്ടില്ല. ഫോർട്ടുകൊച്ചിയിലെ മുനിസിപ്പൽ ടീച്ചേഴ്സിനെ സംബന്ധിച്ചിടത്തോളം ചില കാര്യങ്ങൾ തീരുമാനിക്കുവാൻ ഉണ്ടായിരുന്നു. ആ കാര്യത്തിൽ തീരുമാനം എടുക്കുവാൻ താമസിച്ചതുകൊണ്ടാണു് ശമ്പളവർദ്ധനവിന്റെ ഫലം അവർക്കു് കിട്ടാതെയിരുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly